"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ ശ്രീ.സി.ആർ.ഷാജിക്ക് 38 സെന്റ് സ്ഥലം (ബ്ലോക്ക് നം.28, സർവ്വേ നം.442/13, 0.1440 ഹെക്ടർ) തിരികെ രജിസ്റ്റർ ചെയ്ത് നൽകുന്നതിന് മലമ്പുഴ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.4/2022/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 10/01/2021

പരാമർശം :-1. മലമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05.06.2020-ലെ 2/1 നമ്പർ തീരുമാനം
2. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.01.2020 ലെ E513665/18 നമ്പർ കത്ത്
3. പഞ്ചായത്ത് ഡയറക്ടറുടെ 28.09.2020-ലെ PAN/10929/2020-C3(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (3) പ്രകാരം, മലമ്പുഴ ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2018-19 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തുകയും നിയമാനുസൃത നടപടികൾ സ്വീകരിച്ച് ശ്രീ.സി.ആർ.ഷാജിയിൽ നിന്നും 38 സെന്റ് സ്ഥലം (ബ്ലോക്ക് നം.28, സർവ്വേ നം.442/13, 0.1440 ഹെക്ടർ, തരം, ജന്മം/പറമ്പ്) 18 ലക്ഷം രൂപയ്ക്ക് ജില്ലാ കളക്ടറുടെ വാല്യുവേഷൻ പ്രകാരവും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുയോജ്യത സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ വാങ്ങുകയും ഈ സ്ഥലത്തേയ്ക്കുള്ള വഴിക്കായി ശ്രീ.സി.ആർ ഷാജിയും അനുജൻ ശ്രീ.സി.ആർ.സജിയും സ്ഥലം സൗജന്യമായി പഞ്ചായത്തിന് നൽകുകയും ടി സ്ഥലത്തിനായി ശ്രീ.സി.ആർ.ഷാജിയ്ക്ക് 27.03.2019 തീയതിയിൽ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് ട്രഷറി മുഖാന്തിരം 18 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിരുന്നു.

എന്നാൽ, മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ കഴിയാതിരുന്നതിനാൽ പരാമർശം (1) പ്രകാരം ശ്രീ.സി.ആർ.ഷാജിക്ക് സ്ഥലം തിരികെ നൽകുന്നതിന് തീരുമാനം എടുത്തതിനാൽ ടിയാന് തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകുകയും ആയത് പ്രകാരം ടിയാൻ കൈപ്പറ്റിയ 18 ലക്ഷവും, രജിസ്ട്രേഷൻ തുടങ്ങിയവയ്ക്കായി ചിലവാക്കിയ 1,87,570/- രൂപ ഉൾപ്പെടെ 20 ലക്ഷം രൂപ 01.06.2020 തീയതിയിൽ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് അടവാക്കുകയും ഈ സ്ഥലം ടിയാന് തിരികെ രജിസ്റ്റർ ചെയ്ത് നൽകുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. തുക തിരികെ അടവാക്കിയതിനാൽ പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത സ്ഥലം ശ്രീ.സി.ആർ.ഷാജിക്ക് തന്നെ തിരികെ രജിസ്റ്റർ ചെയ്ത് നൽകുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നതിനെ തുടർന്ന് ടി സ്ഥലം വാങ്ങാനുപയോഗിച്ച തുക ഏത് ഫണ്ടിൽ നിന്നാണോ വിനിയോഗിച്ചത് ആ ഫണ്ടിൽ

തന്നെ തിരിച്ചടയ്ക്കണമെന്ന ഉപാധിയോടെ അനുമതി നൽകാവുന്നതാണെന്ന ശിപാർശ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടം 3 പ്രകാരം 38 സെന്റ് സ്ഥലം (ബ്ലോക്ക് നം.28, സർവ്വേ നം.442/13, 0.1440 ഹെക്ടർ) ശ്രീ.സി.ആർ.ഷാജിക്ക് തന്നെ തിരികെ രജിസ്റ്റർ ചെയ്തു നൽകുന്നതിന് മലമ്പുഴ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മലമ്പുഴ ഗ്രാമപഞ്ചായത്ത്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എൽ.ബി.എ & എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി1/30/2021/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ